**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6393** **10-11-2021 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി.(ജൂനിയർ) തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 30.01.2021 -ലെ സർക്കാർ ഉത്തരവ് 2/2021/ പൊ.വി.(ജെ)യുടെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്നും 15.02.2021-ലെ സർക്കുലർ പ്രകാരം എച്ച്.എസ്/യു.പി/എൽ.പി വിഭാഗം അദ്ധ്യാപകരിൽ നിന്നും എച്ച്.എസ്.എസ്.ടി.(ജൂനിയർ) തസ്തികയിലേക്ക് തസ്തിക മാറ്റത്തിന് അപേക്ഷ ക്ഷണിച്ചിരുന്നോ; | (എ) | 15/02/2021 ലെ എഡി.ബി2/194881/ഡിജിഇ/21 നമ്പർ സർക്കുലർ പ്രകാരം 01/01/2016 മുതൽ 28/12/2020 വരെയുള്ള ഒഴിവുകളിലേക്ക് എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ്(ഹയർ സെക്കണ്ടറി വിഭാഗം), ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നും എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനങ്ങൾക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | 2019-20 അദ്ധ്യായന വർഷത്തിന്റെ ആരംഭത്തിൽ നിയമിതരായ യോഗ്യരായ അദ്ധ്യാപകർക്ക് പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സമയബന്ധിതമായി പ്രസ്തുത അപേക്ഷ സമർപ്പിക്കുവാൻ സാധിച്ചില്ലാ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനങ്ങൾക്കായി അപേക്ഷിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ ഒന്ന് നിലവിലെ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുക എന്നുള്ളതാണ്. അതിനാൽ നിലവിലെ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത അപേക്ഷകർക്ക് എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനത്തിന് അപേക്ഷിക്കുവാൻ സാധിക്കുകയില്ല. |
| (സി) | പ്രസ്തുത അപേക്ഷകളിൽ നാളിതുവരെ നടപടി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ യോഗ്യരായ പുതിയ അദ്ധ്യാപകരെ കൂടി ഉൾക്കൊള്ളിച്ച് പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനങ്ങൾക്കായി അപേക്ഷിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ ഒന്ന് നിലവിലെ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുക എന്നുള്ളതാണ്. അതിനാൽ നിലവിലെ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത അപേക്ഷകർക്ക് എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനത്തിന് അപേക്ഷിക്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ